**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 42** | **23.01.2018-ൽ മറുപടിക്ക്**

**സർക്കാർ സർവ്വീസുകളിൽ ഒഴിവുള്ള തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. വീണാ ജോർജ്ജ് | | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്തെ സർക്കാർ സർവ്വീസുകളിൽ ഒഴിവുള്ള തസ്തികകൾ റിപ്പോർട്ട് ചെയ്യണമെന്ന് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട ചെയ്യപ്പെട്ട ഒഴിവിലേയ്ക്ക് നിയമനങ്ങൾ വേഗത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) & (ബി) | സർക്കാർ സർവ്വീസിൽ നിന്ന് ജീവനക്കാർ വിരമിക്കുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സിയെ അറിയിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിരന്തരം നിർദ്ദേശം നൽകി വരുന്നുണ്ട്. പ്രസ്തുത നിർദ്ദേശം പൂർണമായും നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഓഫീസുകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ നേതൃത്വത്തിൽ ത്വരിത പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ ഏതാനും ചില റാങ്ക് പട്ടികകളുടെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ, ഉദ്യോഗാർത്ഥികളുടെ പരാതികളുടെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ, എല്ലാ ജില്ലകളിലും വേക്കൻസി റിപ്പോർട്ടിംഗ് ക്യാമ്പയിൻ നടത്തി വരികയാണ്.<br>ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | നിലവിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയും പ്രസ്തുത ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തുകയും ചെയ്യുന്നതായ പരാതിയുണ്ടായിട്ടുള്ള വകുപ്പുകളിലും ഓഫീസുകളിലും ത്വരിതാന്വേഷണം നടത്തുവാനും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ